# ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
# ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
## സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01

അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ

ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1

ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡണ്ട്
മൊബൈൽ: +91 62827 21293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: +91 9744 996 141


നമ്പർ: ITDIO/40/24 തീയതി: 12/07/24

ബഹു.ട്രെയിനിംഗ് ഡയറക്ടർ

ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്

തിരുവനന്തപുരം

**വിഷയം: All India Trade Test നായി നിയോഗിക്കപ്പെടുന്ന ഒബ്സർവർമാർക്ക് റമ്യൂണറേഷൻ അനുവദിക്കുന്നതിനുള്ള ശുപാർശ സർക്കാറിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്**

സാർ,

ഐടിഐ ട്രെയിനികൾക്കുള്ള AITT പ്രാക്ടിക്കൽ/ CBT പരീക്ഷാനടത്തിപ്പിൽ എക്സാം സെൻററുകളായുള്ള സ്വകാര്യ ഐ.ടി.ഐകൾ, CBT സെൻററുകൾ എന്നിവിടങ്ങളിൽ എക്സാം ചീഫിന് തത്തുല്യ ചുമതല നിർവഹിക്കുന്നവരാണ് ഒബ്സർവർമാരായി നിയോഗിക്കപ്പെടുന്ന ഐ.ടി.ഐ ഇൻസ്ട്രക്ടർമാർ. പരീക്ഷാ സെൻററുകളിലെ അടിസ്ഥാന സൗകര്യം പരിശോധിച്ചു വിലയിരുത്തുക, എക്സാമിനർമാർക്ക് പരീക്ഷ മാർക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സൗകര്യം ഉറപ്പുവരുത്തുക, പരീക്ഷ എഴുതുന്ന ട്രെയിനികളുടെ വിവരങ്ങൾ പരിശോധിക്കുക, പരീക്ഷ സുഗമമായും സുതാര്യമായും നടത്തുക ഇങ്ങനെ ഒട്ടേറെ ചുമതലകൾ ഒബ്സർവർമാർ നിർവഹിച്ചുവരുന്നു. എന്നാൽ നാളിതുവരെയായി വകുപ്പിൽ പരീക്ഷ ചുമതലകൾ നിർവഹിക്കുന്ന ഒബ്സർവർമാർക്ക് റമ്മ്യൂണറേഷൻ അനുവദിച്ചിട്ടില്ല.. പരീക്ഷ നടത്തിപ്പിൽ പങ്കെടുക്കുന്ന എക്സാമിനർമാർ ഉൾപ്പെടെ മറ്റ് എല്ലാ വിഭാഗം ജീവനക്കാർക്കും റമ്മ്യൂണറേഷൻ അനുവദിക്കുമ്പോൾ, ഒബ്സർവർമാർ മാത്രമാണ് ഇക്കാര്യത്തിൽ മാറ്റിനിർത്തപ്പെടുന്നത്.പരീക്ഷാ തീയതിയുടെ തലേദിവസം മുതൽ പരീക്ഷ പൂർത്തീകരിച്ച് മാർക്കുകൾ അപ്ലോഡ് ചെയ്യുന്നതുവരെയുള്ള എല്ലാ ചുമതലകളും വളരെ ഉത്തരവാദിത്വത്തോടെ നിർവഹിക്കേണ്ട ഒബ്സർവർമാർക്കും റമ്മ്യൂണറേഷൻ അനുവദിക്കേണ്ടതുണ്ട്. മാത്രമല്ല ഇൻസ്ട്രക്ടർമാരെ പലപ്പോഴും സ്വന്തം സ്ഥാപനത്തിൽ നിന്നും ഏറെ അകലെയായിട്ടാണ് പരീക്ഷ ചുമതലകൾക്കായി നിയോഗിക്കാറുള്ളത്. കഴിഞ്ഞവർഷത്തെ പ്രാക്ടിക്കൽ പരീക്ഷയുടെ മൂല്യനിർണയത്തിൽ ഏർപ്പെടുത്തിയ അതിസങ്കീർണ്ണത സുഗമമായ പരീക്ഷ നടത്തിപ്പിന് വലിയ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു.2024-ലെ AITT പ്രാക്ടിക്കൽ പരീക്ഷ അടുത്ത് വരുന്ന സാഹചര്യത്തിൽ മേൽ വിഷയങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച്, ഈ വർഷത്തെ പരീക്ഷ നടത്തിപ്പിൽ ഒബ്സർവർമാർക്ക് അർഹമായ റമ്മ്യൂണറേഷൻ അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കണമെന്നും ജീവനക്കാരെ പരീക്ഷ ചുമതലകൾക്ക് നിയോഗിക്കുന്നത് നീതിയുക്തമായി നടപ്പാക്കണം എന്നും അഭ്യർത്ഥിക്കുന്നു.

കൂടാതെ പ്രാക്ടിക്കൽ പരീക്ഷകൾക്കും CBT, SCVT പരീക്ഷകൾക്കും നിയോഗിക്കപ്പെടുന്ന ഐടിഐ അധ്യാപകർക്ക് റമ്യൂണറേഷൻ കാലാനുസൃതമായി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. നിലവിൽ തിയറി പരീക്ഷകൾക്ക് ലഭിക്കുന്നത് 60 രൂപയും പ്രാക്ടിക്കൽ പരീക്ഷകൾക്ക് ലഭിക്കുന്നത് 300 രൂപയും ആണ്.(പരിശീലനാർത്ഥികളുടെ എണ്ണം കൂടുതലെങ്കിൽ ഓരോ ട്രെയിനിക്കും 50 രൂപ നിരക്കിലാണ് മൂന്നു ദിവസം വരെ നീണ്ടുനിൽക്കുന്ന പ്രാക്ടിക്കൽ പരീക്ഷകൾക്ക് റമ്യൂണറേഷൻ പതിറ്റാണ്ടുകളായി നൽകി വരുന്നത്) പ്രാക്ടിക്കൽ പരീക്ഷയുടെ മൂല്യനിർണ്ണയം രണ്ട് യൂണിറ്റുകൾ അഥവാ 40 ട്രെയിനികൾ എന്ന നിലയിൽ പരിമിതപ്പെടുത്തി എക്സാമിനർക്ക് തന്റെ ഡ്യൂട്ടി ഭംഗിയായി നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം കൂടി ഒരുക്കി നൽകണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ANTONY JOSEPH

General Secretary, ITDIO

12/ 07 /24

തിരുവനന്തപുരം

ITD INSTRUCTOR'S ORGANIZATION • KERALA •

Copy To,

ബഹു. മുഖ്യമന്ത്രി

ബഹു. തൊഴിൽ വകുപ്പ് മന്ത്രി

ബഹു. ലേബർ സെക്രട്ടറി

ജനറൽ സെക്രട്ടറി, ജോയിന്റ് കൗൺസിൽ